# പ്രവർത്തികളുടെ പുസ്തകം ചുരുക്കം

റോയ് എച്ച്. ലാനിയെർ, ജൂനിയർ

# പ്രവർത്തികൾ: പ്രവർത്തികൾക്കുള്ള ഒരു വിളി

അപ്പൊസ്തല പ്രവൃത്തികളിൽ വീര്യപ്രവൃത്തികൾ വ്യാപിച്ചിരിക്കുകയാണ്! അപ്പൊസ്തല പ്രവൃത്തികൾ ക്രിസ്തുവിന്റെ ഓരോ ശിഷ്യനും അവനു പകരം ചെയ്യേണ്ട അടിയന്തിര പ്രവൃത്തിക്കുള്ള ക്ഷണമാണ്. അപ്പൊസ്തലന്മാരെ യേശു പഠിപ്പിച്ചു നിയോഗിച്ചതു പോലെ, അവരുടെ പ്രവൃത്തികൾ പരിശുദ്ധാത്മാവു അവരിൽ അധികാരപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികളെ സൂചിപ്പിക്കുന്നതാണ്, പുസ്തകത്തിന്റെ പേർ തന്നെ. യേശുക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി അടിയന്തിരമായി പ്രവർത്തിക്കണമെന്ന് പ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോൾ ആരെങ്കിലും കാണുകയില്ലെങ്കിൽ, ആ പുസ്തകം മുഖ്യമായി അടിച്ചേല്പിക്കുന്നതു നഷ്ടമാക്കുകയാണ്!

**പ്രവൃത്തി വാഗ്ദാനം ചെയ്തു**

തന്റെ അപ്പൊസ്തലന്മാർക്കു യേശു ചില ചുമതലകൾ കൊടുത്തിരുന്നു. (മത്തായി 28:18–20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:44–47.) വരുവാനുള്ള കാര്യസ്ഥനെക്കുറിച്ചുള്ള ചില വാഗ്ദാനങ്ങളും അവൻ നല്കിയിരുന്നു, പരിശുദ്ധാത്മാവ് (യോഹന്നാൻ 16:7–14). പിന്നെ അവൻ മഹത്വത്തിലേക്കു ആരോഹണം ചെയ്തു (പ്രവൃത്തികൾ 1:9–11). യേശു വാഗ്ദാനം ചെയ്തതുപോലെ തന്നെ, പന്ത്രണ്ടു അപ്പൊസ്തലന്മാരിലും പരിശുദ്ധാത്മാവു വരികയും, അപ്പൊസ്തലിക പ്രവൃത്തികൾ ചെയ്യുവാൻ അവരെ അധികാരപ്പെടുത്തുകയും ചെയ്തു (പ്രവൃത്തികൾ 2:1–4). പെന്തെക്കൊസ്തു, പെസഹ തുടങ്ങിയ പെരുന്നാളുകളിൽ യെരുശലേമിൽ കൂടിവന്നവരോട് ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സുവിശേഷ സത്യം ആളുകളുടെ വിവിധ ഭാഷകളിൽ അറിയിക്കുക എന്ന പ്രവൃത്തി ചെയ്യുവാൻ, ഈ പുരുഷന്മാർ ഉടനെ പോയി. ആ പുരുഷന്മാർ വിദ്യാഭ്യാസമില്ലാത്തവരാണെന്നു അറിഞ്ഞു എങ്കിലും, അവർ പല ഭാഷകളിലും സ്പഷ്ടമായി സംസാരിച്ചതു കേട്ട്, പുരുഷാരം വിസ്മയിച്ചു. ആ അവസരത്തിൽ ക്രിസ്തുവിലേക്കു വലിയൊരു പരിവർത്തന സംഭവം ആരംഭിച്ചു. അപ്പൊസ്തലന്മാർ പ്രവർത്തിക്കാൻ തുടങ്ങിയതു

കൊണ്ടാണ് അങ്ങനെ സംഭവിച്ചത്, അവർ യേശുവിന്റെ ഇഷ്ടം നടപ്പി ലാക്കി (പ്രവൃത്തികൾ 2:4, 14, 40, 42).

## പ്രവൃത്തി ദൃശ്യമാക്കി

അപ്പൊസ്തലന്മാരുടെ പ്രവൃത്തികളാൽ ദൈവം തന്റെ കൃപ മനു ഷ്യനിലേക്ക് ഊർജ്ജമായി എത്തിച്ചപ്പോൾ, മനുഷ്യൻ താല്പര്യത്തോടെ പ്രതികരിച്ചു (പ്രവൃത്തികൾ 4:33; എഫെസ്യർ 2:8, 9; തിത്തൊസ് 2:10, 11). സുവിശേഷത്താൽ പരിവർത്തനം ചെയ്യപ്പെട്ടവർ ഉപദ്രവങ്ങളുടെ മദ്ധ്യേയും, ഉടനെ തീഷ്ണതയുള്ള പ്രവർത്തകരായി ത്തീരുന്നു; ക്രിസ്ത്യാനിയായി തീർന്ന ഓരോ സ്ത്രീയും പുരുഷനും സുവിശേഷം അറിയിക്കേണ്ട തന്റെ ചുമതല ഏറ്റെടുത്തു (പ്രവൃത്തികൾ 8:4). അപ്പൊ സ്തലന്മാരോടൊപ്പം ഈ പരിവർത്തനം ചെയ്യപ്പെട്ടവരും അത്യുത്സാഹ ത്തോടെ പ്രവർത്തിച്ചതിനാൽ, ഇടവകകൾ അവിടവിടെ നിലവിൽ വന്നു.

ഈ കാലയളവിലെ നമുക്കുള്ള ചരിത്ര ഉറവിടമാണ് പ്രവൃത്തികൾ, നല്കപ്പെട്ട കൃപയെ എല്ലാവരും അനുസരിക്കേണ്ട ഒരു ക്ഷണമായി നാം അതിനെ തിരിച്ചറിയണം. ഒന്നാം നൂറ്റാണ്ടിൽ കർത്താവിന്റെ സഭ എങ്ങനെ കൃപ നല്കുകയും സ്വീകരിക്കുകയും ചെയ്തു എന്നതിന്റെ നമുക്കുള്ള ഏകരേഖയാണത്. ഇത് ഒരു ചരിത്ര പുസ്തകമാണ് – ക്രിസ്തു വിനു വേണ്ടി ക്രിസ്ത്യാനികൾ എങ്ങനെ പ്രവർത്തിക്കുവാൻ പോയി എന്ന ചരിത്രം, ദൈവം നല്കുന്ന കൃപയെ ആളുകൾ സ്വീകരിക്കേണ്ട തിനു അപ്പൊസ്തലന്മാർ ആളുകളെ പഠിപ്പിച്ച ചരിത്രം. അതു ക്രിസ്ത്യാ നികൾക്കു ലോകം മുഴുവൻ സുവിശേഷീകരിക്കുന്നതിനുള്ള ജ്വലിക്കുന്ന ദാഹമുണ്ടായിരുന്ന ചരിത്രമാണ്.

യേശുവിന്റെ മരണം കൈവരിച്ച നേട്ടം കാണിക്കുകയാണ് ഈ പുസ്തകം രൂപപ്പെടുത്തിയതിന്റെ അടിസ്ഥാന ലക്ഷ്യം. അല്ലെങ്കിൽ, പിന്നെ എന്തിനു പ്രസംഗങ്ങൾ രേഖപ്പെടുത്തി? അസംഖ്യം പരിവർത്തന സംഭവങ്ങൾ വിശദമായി എന്തിനു രേഖപ്പെടുത്തി? ലേഖകനായ, ലൂക്കൊസ്, എന്തിന് അപ്പൊസ്തലന്മാരുടെ സുവിശേഷ പ്രവർത്തനങ്ങ ളോട് അടുത്തു പിൻപ്പറ്റി?

ഒരാൾ എങ്ങനെയാണ് ക്രിസ്തുവുമായുള്ള ബന്ധം തുടങ്ങുന്നത് എന്നു കാണിക്കുവാനാണ് പ്രവൃത്തികൾ രൂപപ്പെടുത്തിയത്. ദൈവ വെളി പ്പാടാണ് പ്രവൃത്തികൾ പ്രദർശിപ്പിക്കുന്നത്. അതു വെളിപ്പെടുത്തുന്നതു ദൈവത്തിന്റെ അന്തിമമായ പാപക്ഷമാപണവും അവന്റെ ഇഷ്ടം അനു സരിക്കുന്നവർക്കു ലഭിക്കുന്ന സ്വർഗ്ഗീയ പ്രത്യാശയുമാണ്. എല്ലാ തല മുറയിലും സ്വർഗ്ഗീയ ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തികളാണ് അതു വെളിപ്പെടുത്തുന്നത്.

ഭീഷണികളുടേയും മദ്ധ്യേ, അപ്പൊസ്തലന്മാർ “യേശുക്രിസ്തുവി നെക്കുറിച്ചു വിടാതെ ഉപദേശിക്കയും പ്രസംഗിക്കയും ചെയ്തുകൊണ്ടി രുന്നു” (പ്രവൃത്തികൾ 5:42). സഭക്കു ഒരു മുഖ്യ ചുമതലയാണുള്ളത് എന്ന് അവർ തിരിച്ചറിഞ്ഞു: നഷ്ടപ്പെട്ടവരോടു രക്ഷാസുവാർത്ത ഉപ ദേശിക്കുകയും പ്രസംഗിക്കുകയും എന്നതാണ്; സഭയുടെ ആരംഭ ത്തിനും നിലനില്പിനും മറ്റൊരു കാരണവും നല്കപ്പെട്ടിട്ടില്ല.

“പ്രസംഗ യന്ത്രങ്ങളായി” അപ്പൊസ്തലന്മാർ ജീവിക്കയും ശ്വസിക്കയും ചെയ്തിരുന്നു. യേശുവിനു വേണ്ടി അവർ തങ്ങളെത്തന്നെ യാഗം കഴിക്കുന്ന ആൾത്താരയിലേക്ക് എറിയപ്പെടുകയും യേശു പരിശീലിപ്പിച്ചതുപോലെ ചെയ്യുവാൻ തങ്ങളുടെ ജീവിതം ചെലവഴിക്കുകയും, അവരെ അധികാരപ്പെടുത്തിയതനുസരിച്ചു, അവന്റെ പ്രതീക്ഷയനുസരിച്ച് തന്നെ അവർ പ്രവർത്തിച്ചു. സഭയിലെ അംഗങ്ങൾക്കു പ്രവൃത്തികൾ ശരിയായി വായിക്കാൻ കഴിഞ്ഞാൽ, പുസ്തകത്തിന്റെ അടിസ്ഥാന ഊന്നൽ മനസ്സിലാക്കുവാൻ കഴിഞ്ഞാൽ, അവന്റെ വലിയ പ്രവൃത്തി ചെയ്യുവാൻ, ദൈവം അവരെ ആശ്രയിച്ചിരിക്കുന്നു എ ന്നർത്ഥമാക്കിയതു മനസ്സിലാകും, അപ്പോൾ ക്രിസ്ത്യാനികൾ ഇന്ന് അതു ചെയ്യാതിരുന്നാൽ അതു ആത്മിയ കുറ്റകൃത്യമാണെന്നു തിരി ച്ചറിയും.

## പ്രവൃത്തി നിർദ്ദേശിച്ചു

പുസ്തകത്തിൽ ഉടനീളം അന്ന് രക്ഷയിലേക്കു നയിച്ച പ്രവർത്തികളുടെ പരമ്പരകളുടെ വ്യക്തമായ ഉദാഹരണങ്ങൾ ഒരാൾക്ക് കണ്ടെത്താം - അതേ പ്രവൃത്തി പരമ്പരകളാണ് ഇന്നും മനുഷ്യരെ രക്ഷയിലേക്കു നയിക്കുന്നത്. (1) സത്യം അറിഞ്ഞിരുന്ന, അപ്പൊസ്തലന്മാർ, അതു മറ്റുള്ളവരെ പഠിപ്പിച്ചു; (2) സുവിശേഷം അവതരിപ്പിച്ചവർ സ്വീകരിക്കയും വിശ്വസിക്കയും ചെയ്തിരുന്നു; (3) വിശ്വാസികൾ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു; (4) അനുതപിച്ച വിശ്വാസികൾ യേശു തന്നെ ക്രിസ്തു എന്ന് ഏറ്റു പറഞ്ഞു; (5) ഏറ്റു പറഞ്ഞ, അനുതപിച്ച വിശ്വാസികൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റു; കൂടെ (6) സ്നാനം ഏറ്റ വിശ്വാസികൾ അവരുടെ ഉത്തരവാദിത്വമായ സുവിശേഷം മറ്റുള്ളവരോട് അറിയിക്കുന്നത് ഏറ്റെടുത്തു.

ക്രിസ്ത്യാനികളുടെ ജോലി ആത്മാക്കളെ - നേടുക എന്നതാണ്, എന്നാൽ അത്തരം ഉത്സാഹ പ്രവൃത്തികൾ അനേകം ഇടവകകളിൽ കാണുകയില്ല. കർത്താവിനുവേണ്ടി വേല ചെയ്യാത്തതായ സഭാംഗങ്ങൾക്കിടയിലാണ് ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ. ലോകത്തുള്ള ദേശങ്ങളിൽ വെച്ച് ഏറ്റവും മോശമായ ക്ഷേമ സമിതി സഭയിലെ ഇടവകകളിലാണ്; അധികം അംഗങ്ങളും ആത്മീയമായി അസ്വാതന്ത്രരാണ്, അവരുടെ പരിചയക്കാരോട് സത്യം പഠിപ്പിക്കുവാൻ മുൻകൈ എടുക്കുവാൻ മടിക്കുന്നവരാണ്. നിങ്ങളുടെ അയൽക്കാരനോടോ സ്നേഹിതനോടോ സുവിശേഷം പങ്കിടുവാൻ ഒരു പൈസയും ചെലവില്ല, എങ്കിലും ക്രിസ്ത്യാനികൾ മറ്റു ആത്മാക്കളിൽ നിക്ഷേപിക്കുന്നതിൽ പരാജയപ്പെടുന്നു.

ഇന്നു ക്രിസ്ത്യാനിത്വത്തിൽ ധാരാളം പ്രവർത്തിക്കാത്ത അഭിനേതാക്കളാണുള്ളത്. മൂപ്പന്മാർ: ലോകത്തിൽ നിങ്ങളുടെ ഇടവക മാത്രമാണുള്ളതെങ്കിൽ എന്തു ചെയ്യും, ഒരിക്കൽ പ്രവൃത്തികൾ 2 ലെ യെരുശലേം ഇടവക പോലെ? ഇന്നത്തെ സുവിശേഷീകരണ പ്രവൃത്തി അതേപോലെ തുടർന്നാൽ ലോകത്തിൽ എത്ര പേർ ക്രിസ്തുവി നെക്കുറിച്ചു കേൾക്കും? നിങ്ങളെപ്പോലെ ഇടവകയിലെ എല്ലാ അംഗങ്ങളും ആത്മാക്കളെ - നേടുന്നവരാണെങ്കിലോ? ഈ വർഷം എത്ര പേരെ ക്രിസ്തുവിലേക്കു ആദായപ്പെടുത്തും?

ഉപദേഷ്ടാക്കന്മാർ: ഒരു ഡസൻ അംഗങ്ങൾ നിങ്ങളുടെ ആത്മാക്കളെ - തേടൽ പ്രവൃത്തി പകർത്തുകയാണെങ്കിൽ, അടുത്ത ആറുമാസത്തിനുള്ളിൽ അനേകം പേർ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുകയില്ലേ?

ശുശ്രൂഷകന്മാർ: പ്രാദേശിക ഇടവകയിൽ നിങ്ങളെ ഭരമേല്പിച്ച പ്രത്യേക ഉത്തരവാദിത്വങ്ങൾ നിങ്ങൾ നിറവേറ്റിക്കഴിഞ്ഞാൽ, നിങ്ങളുടെ പ്രവൃത്തികളുടെ നേരിട്ടുള്ളതോ അല്ലാത്തതോ ആയ ഫലത്താൽ സുവിശേഷം സ്വീകരിക്കുമെന്നാണ് നിങ്ങൾ കണക്കാക്കുന്നത്?

ഇടവകകളിലെ അംഗങ്ങൾ: നിങ്ങൾ നിങ്ങളുടെ ആത്മിയ തെർമോമീറ്ററിൽ "സ്നേഹിക്കുക - യും - കരുതുകയും ചെയ്യുന്ന ഊഷ്മാവ്" ഉണ്ടാക്കിയെടുക്കാൻ തയ്യാറാണോ? കഴിഞ്ഞ വർഷം നഷ്ടപ്പെട്ടവരോട് സുവിശേഷം അറിയിക്കുവോളം അവരോട് നിങ്ങൾക്കു കരുതൽ ഉണ്ടായിരുന്നോ? നിങ്ങൾ വെറും ഇരിപ്പിടങ്ങളിൽ - ഇരുന്നവരോ, കൂട്ടത്തിലുള്ള, അല്ലെങ്കിൽ കാഴ്ച്ചക്കാരായ സദസ്സിൽ ഒരാളായിരുന്നോ? കർത്താവിന്നു ഉപകാരപ്രദമായി ഒന്നും ചെയ്യാതെ കൂട്ടായ്മയുടെ ഉപകാരം സ്വീകരിക്ക മാത്രമായിരുന്നോ?

ഇടവകകൾ: നിങ്ങൾ "യെരുശലേമിനെ നിറച്ചോ" (നിങ്ങളുടെ സമൂഹം, പട്ടണം, സംസ്ഥാനം, രാജ്യം, അല്ലെങ്കിൽ പ്രദേശം) യേശുവിന്റെ ഉപദേശത്താൽ നിറച്ചോ എന്നർത്ഥം (പ്രവൃത്തികൾ 5:28)? ആദിമ ക്രിസ്ത്യാനികൾ അങ്ങനെ ചെയ്തു എന്നാണ് പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾ വചനം വ്യാപിപ്പിക്കുന്നില്ലെങ്കിൽ, എന്തുകൊണ്ട്?

അനേകം ഇടവകകൾ "ആശ്വാസത്തിനായി വചനം മുറുകെ പിടിച്ചു," "വിശ്വാസത്തിന്റെ കൊത്തളങ്ങളായി" ഇരിക്കുവാനാഗ്രഹിക്കുന്നു. ഈ ഇടവകകൾ എപ്പോഴെങ്കിലും തങ്ങളുടെ സന്ദേശ പ്രവൃത്തികൾ എടുത്തു യേശുവിനുവേണ്ടി "സുവിശേഷീകരണ കൊത്തളങ്ങളായി" പരിഗണിക്കുമോ?

അനേകം പേർ "സഭാ പ്രവൃത്തി" ആരാധനക്കു വരുന്നതും ബൈബിൾ ക്ലാസ്സുകളിൽ സംസാരിക്കുന്നതും മാത്രമാണെന്നു വിചാരിച്ചു തങ്ങളെത്തന്നെ വിഡ്ഢികളാക്കുന്നു. അനവധി സ്ത്രീ പുരുഷന്മാർ വിശ്വസിക്കുന്നത് അവർ ഒരു ക്ലാസ് എടുത്താലോ സഭാ കൂടിവരവിലും ആരാധനയിലും എന്തെങ്കിലും സഹായിച്ചാലോ മതി എന്നാണ്. അത്ത രം പ്രവർത്തി, നല്ലതു ശരിയും ആണെങ്കിലും, മുഖ്യമായ സഭയുടെ ദൗത്യം ചെയ്യേണ്ടതായിട്ടുണ്ട്. സഭ രൂപപ്പെടുത്തിയിരിക്കുന്നതു വെറുതെ കൂടിവന്നു ആരാധിക്കുവാൻ മാത്രമല്ല; സഭ രൂപപ്പെടുത്തിയിരിക്കുന്നത് സ്നേഹവും സൽപ്രവൃത്തിയും പ്രചോദിപ്പിക്കുന്നതിന് (ഉണർത്തുന്നതിന്) ആണ് (എബ്രായർ 10:24, 25). "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി'' അർത്ഥമാക്കിയിരിക്കുന്നതു സഭ നിറവേറ്റണം (1 തിമൊഥെയൊസ് 3:15). ധാരാളം ഇടവകകൾ "സത്യത്തിന്റെ *തലയിണകൾ*" ആയിരിക്കുന്നു; അതായത്, അവർ ഉറക്കജോലിയിലാണ്. അവർ "ശക്തിയുടെ *തൂണുകളായി*" സുവിശേഷം വ്യാപിപ്പിക്കണം.

സമയം ശരിയായി കാണിക്കാത്ത ഒരു വാച്ച് ഒരാൾ വാങ്ങിയാൽ,

എന്തു സംഭവിക്കും? സാധാരണ, അതു ശരിയാക്കാൻ പറ്റുമോ ഇല്ലയോ എന്നു നോക്കും - സമയം കൃത്യമായി കാണിക്കുവാൻ. കേടു തീർത്തിട്ടും വീണ്ടും സമയം ശരിയായി കാണിക്കുന്നില്ലെങ്കിൽ, അതു കളയേണ്ടതായിവരും.

അപ്പോൾ, പിന്നെ, സുവിശേഷം അറിയിക്കാത്ത സഭകളെ ദൈവം എന്തു ചെയ്യും? നടക്കാത്തതോ ശരിയായി സമയം കാണിക്കാത്തതോ ആയ വാച്ചിനോട് നാം കാണിക്കുന്നതിനേക്കാൾ മൃദുലമായി നമ്മോട് ചെയ്യുമോ? ഒരു സഭക്കു സ്വന്ത സമൂഹത്തെ സ്വാധീനിക്കാൻ കഴിഞ്ഞി ല്ലെങ്കിൽ, ന്യായവിധിയിൽ ആ ഇടവകയെ ദൈവം നിഷ്ക്കാസനം ചെയ്യും. ഇടവകകൾ കൂട്ടമായി ഉത്തരവാദപ്പെട്ടിരിക്കുന്നു എന്നോർ ക്കുക – ഉദാഹരണമായി, ആസ്യയിലെ ഏഴു ഇടവകകളോട് കർത്താവു സംസാ രിക്കുകയാണ് വെളിപ്പാട് 1 മുതൽ 3 വരെ.

ഏതൊരു ഇടവകക്കും ദൈവം ഏല്പിച്ചിരിക്കുന്ന മറ്റൊരു ദൗത്യം എന്താണ്? നമ്മുടെ പ്രാദേശിക സമൂഹത്തോടുള്ള സ്വാധീന താപനില അളക്കേണ്ട സമയം ഇപ്പോഴാണ് പിന്നെ നാം ലോകത്തിന്റെ ശേഷിച്ച ഭാഗങ്ങളെ സുവിശേഷം അറിയിക്കുവാൻ സഹായിക്കണം.

ഏതെങ്കിലും ഒരു ഇടവകയിൽ എത്ര അംഗങ്ങൾ വേണം ഒരാളെ ക്രിസ്തുവിനോട് ചേർക്കുന്നതിനു സ്നാനമേല്ക്കുവാൻ എന്ന് നിന്നു പരിഗണിക്കേണ്ട സമയമാണ്. കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി, സഭ യുടെ വളർച്ചാനിരക്കു സാധാരണ ശരാശരി 10 ശതമാനമാണ്; അതാ യതു, ഏതെങ്കിലും ഒരു വർഷത്തിൽ ഒരു ഇടവകയിൽ അംഗസംഖ്യ യുടെ 10 ശതമാനം പേരെ സ്നാനപ്പെടുത്തുന്നു. (ഉദാഹരണമായി, അമേ രിക്കയിലെ 300 അംഗങ്ങളുള്ള ഒരു ഇടവകയിൽ സാധാരണ ഒരു വർഷം 30 സ്നാനമാണ് കാണുന്നത്.) എങ്ങനെയായാലും, ഇടവകകളിൽ അംഗ ങ്ങളുടെ മക്കളും സ്നാനത്തിനുള്ള പ്രായമെത്തിവരികയും ചെയ്യും, അവ രും സ്നാനപ്പെടുമ്പോൾ 10 ശതമാനം എന്ന വളർച്ചാ നിരക്ക് നോക്കു മ്പോൾ ആ സമൂഹത്തിലെ പാപികൾ ക്രിസ്തുവിനെ അനുസരിക്കാൻ വരുന്നു എന്നു പറയാനാവില്ല. സഭയിലെ കുടുംബങ്ങളിലുള്ള കുട്ടികളെ പഠിപ്പിച്ചെടുക്കുന്നത് ശ്ലാഘനീയം തന്നെ, പക്ഷെ ആ താഴ്ന്ന വളർച്ചാ നിരക്ക് കാണിക്കുന്നതു സുവിശേഷീകരണത്തിലുള്ള അലസതയുടെ ദുഃഖ കഥയാണ്. ഈ സഭകൾ അവരുടെ താലന്തുകൾ കുഴിച്ചിട്ടിരിക്ക യാവാം, കർത്താവിനു വേണ്ടി ധൈര്യത്തോടെ മുന്നിട്ടിറങ്ങാൻ ഭയപ്പെ ടുന്നവരാകാം.

അമേരിക്കയിലെ മിക്ക ഇടവകകളും അവർ തങ്ങളുടെ സമൂഹത്തിൽ "പുറമെയുള്ളവരെ" പഠിപ്പിച്ച് സ്നാനപ്പെടുത്തുന്ന അംഗങ്ങളുടെ യഥാർത്ഥ കണക്കെടുത്താൽ അവർ ഞെട്ടിപ്പോകും. അതുകൊ ണ്ട്, ഇന്ന് ഒരു വർഷം നൂറ് സ്നാനങ്ങൾ റിപ്പോർട്ട് ചെയ്യുന്നവരിൽ എത്ര പേർ അംഗങ്ങളുടെ മക്കളുണ്ട് എന്നു നോക്കുമ്പോൾ അതുലജ്ജാകര മായി തോന്നാം. 10 ശതമാനമെന്ന കണക്കാണെങ്കിലും, അതെ ത്ര സ്നാനം ഉണ്ടാക്കുമെന്ന് ചിന്തിക്കുക!

**ഉപസംഹാരം**

പ്രവർത്തിക്കായുള്ള ദൈവവിളിയാണ് അപ്പൊസ്തല പ്രവൃത്തികൾ. അപ്പൊസ്തലന്മാർ അതിനോട് എങ്ങനെ പ്രതികരിച്ചു എന്ന് രേഖപ്പെടു ത്തിയിരിക്കുന്നു, എന്നാൽ അതു ഓരോ ശിഷ്യനും കാലപരിധിയില്ലാത്ത വിളിയാണ്.

ധൈര്യവും സങ്കല്പവും ഉള്ള ആളുകൾ ദൈവത്തിനു വേണം. സമർപ്പണവും, സ്ഥിരതയും, ധൈര്യവുമുള്ള ആളുകളാണ് ദൈവത്തിനു ആവശ്യം. ലോകത്തിന്റെ ആകർഷണത്താൽ വ്യതിചലിച്ചു പോകുന്ന ശിഷ്യന്മാരല്ല ദൈവത്തിന് ആവശ്യം. ആത്മിയതക്കു മുൻഗണന ഉള്ള വരാണ് യേശുവിന് ആവശ്യം. സ്വർഗ്ഗത്തിൽ മനസ്സു വെച്ച ആളുകളെ യാണ് അവനു ആവശ്യം.

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ ധൈര്യം, സ്ഥിരോത്സാഹം, ഉത്സാഹം, പ്രവൃത്തി, ജ്വലിക്കുന്ന ഊർജ്ജസ്മരണ, എന്നിവയുടെ ശോഭ യുള്ള ദീപസ്തംഭമായി പ്രവൃത്തികളുടെ പുസ്തകം നിലകൊള്ളുന്നു. യേശു ഈ ഭൂമിയിലായിരുന്നെങ്കിൽ അവൻ എന്തുചെയ്യുമായിരുന്നു എന്നു ഈ പുസ്തകം കാണിക്കുന്നു – അതു തന്നെയാണ് അവൻ ഭൂമി യിൽ ആയിരുന്നപ്പോൾ ചെയ്തതു, തന്നെ ശ്രദ്ധിച്ച ഏവരിലേക്കും പ്രത്യാ ശയും രക്ഷയും എത്തിക്കുകയായിരുന്നു. അവൻ "സ്വർഗ്ഗത്തിലേക്ക് ദൈവത്തിന്റെ വലതു ഭാഗത്തേക്ക് ഉയർത്തപ്പെട്ടത് കൊണ്ട്" (പ്രവൃത്തികൾ 2:33), തന്റെ ഇഷ്ടം നിറവേറ്റുവാൻ തന്റെ അനുയായി കളിൽ നിന്നു അവൻ പ്രതീക്ഷിക്കുന്നു. എല്ലാ നൂറ്റാണ്ടിലേ ക്കും സഭയെയാണ് സുവിശേഷീകരിച്ച് ആത്മാക്കളെ – നേടുവാൻ, അവന്റെ സുവിശേഷം, കൃപയുടെ വചനം, എല്ലാ വ്യക്തികളിലേക്കും എത്തി ക്കുവാൻ ആശ്രയിക്കുന്നു.

തന്റെ ആരോഹണത്തിനുമുൻപു ക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുത്ത മഹത്തായ ആജ്ഞയുടെ ഫലങ്ങളാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മത്തായി 28:18–20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:44–47). അതുകൊണ്ട്, ഏതു തലമുറ യിലെ ആളുകളെയായാലും പ്രവൃത്തികളുടെ പുസ്തകം വായിക്കു മ്പോൾ, യേശു എന്തു ചെയ്യണമെന്നുള്ളതു തീരുമാനിക്കാൻ എളുപ്പ മാണ്. *എന്തു ചെയ്യണം* എന്നറിയാൻ പ്രയാസമില്ല: പോകുക, ഉപദേശി ക്കുക, പ്രസംഗിക്കുക. *എവിടെ പോകണം* എന്നറിഞ്ഞാൽ പ്രയാസമില്ല: സകല ദേശങ്ങളിലും. *എന്തു പ്രസംഗിക്കണം* എന്നറിയുവാൻ പ്രയാസ മില്ല: മാനസാന്തര സുവിശേഷവും പാപമോചനവും. *ആരെ ബന്ധപ്പെ ടണം* എന്നറിയുവാൻ പ്രയാസമില്ല: സകല സൃഷ്ടികളും. *വിശ്വാസി കൾ എന്തു ചെയ്യണം* എന്നു പറയുന്നത് അറിയാൻ പ്രയാസമില്ല: ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുക. *സ്നാനം ഏറ്റു പരി വർത്തനം ചെയ്തവർ* എന്തു ചെയ്യണം എന്നറിയുവാനും പ്രയാസമില്ല: യേശു കല്പിച്ചതെല്ലാം പ്രമാണിക്കുക.

പ്രവൃത്തികളുടെ വ്യക്തമായ സന്ദേശം നമുക്കു കേൾക്കാം: ക്രിസ്തു വിനുള്ള ഓരോരുത്തർക്കും പ്രവൃത്തിക്കുവാനുള്ള വിളിയാണത്.

© 2009 Truth for Today